കാല താൽപര്യങ്ങളെ മുൻനിർത്തി, ന്യായാനുസൃതമായും നിയമത്തിനകത്തും അവയ്ക്ക് പരിഹാരം ഉണ്ടാക്കാനുമുള്ള വിവേകം കേന്ദ്രത്തിലും ബംഗാൾ സംസ്ഥാനത്തിലുമുള്ള രാഷ്ട്രീയനേതൃത്വങ്ങൾക്ക് ഉണ്ടാവുമോ? ഉണ്ടാവുമോ?

(20 ജൂൺ, 1986)

# 43. കൊങ്കണി

ദേവനാഗരി ലിപിയിൽ എഴുതപ്പെടുന്ന കൊങ്കണി കേന്ദ്രഭരണപ്രദേശമായ ഗോവയിലെ ഭരണഭാഷയായിരിക്കണമെന്ന് അവിടത്തെ മന്ത്രിസഭ 1986 ജൂലൈ 5–ാം തീയതി തീരുമാനിച്ചു. അതേസമയം, മറാഠി ഭാഷയ്ക്ക് ഗോവയിലെ എല്ലാ ഔദ്യോഗികപ്രസിദ്ധീകരണങ്ങളിലും മുൻഗണന നൽകുന്നതുമായിരിക്കും. ഗോവയോട് ചേർത്ത് ഭരിക്കപ്പെടുന്നതും ഗുജറാത്തിന് അതിർത്തിക്കുള്ളിൽ കിടക്കുന്നതുമായ ദമൻ, ദിയു എന്നീ പ്രദേശങ്ങളിൽ ഗുജറാത്തിയായിരിക്കും ഭരണഭാഷ. ഇന്നത്തെ മാതിരി ഇംഗ്ലീഷിന്റെ ഉപയോഗവും അവിടെ തുടർന്നുപോകും. ഇതു സംബന്ധിച്ച ഒരു ബിൽ ജൂലൈ 14–ാം തീയതി ആരംഭിക്കുന്ന ഗോവ നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്.

ഗോവയെ മഹാരാഷ്ട്രസംസ്ഥാനത്തിലും ദമൻ–ദിയുപ്രദേശങ്ങളെ ഗുജറാത്ത് സംസ്ഥാനത്തിലും ലയിപ്പിക്കണമെന്നു വാദിക്കുന്ന ഒരു രാഷ്ട്രീയകക്ഷി ഗോവയിലുണ്ട്—മഹാരാഷ്ട്രവാദി ഗോമന്തക് പാർട്ടി. കൊങ്കണിയെ ഗോവയിലെ ഭരണഭാഷയാക്കുന്നതിനു് ഇവർ എതിരാണ്. കൊങ്കണി ഒരു സ്വതന്ത്രഭാഷയല്ലെന്നും, മറാഠിയുടെ ഒരു പ്രാദേശികരൂപം (ഡയലക്ട്) മാത്രമാണ് അതെന്നും ഇവർ കരുതുന്നു. എന്നാൽ, പ്രാമാണികരായ ഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നത് കൊങ്കണി ഇൻഡോ–ആര്യൻ കുടുംബത്തിൽപ്പെട്ട ഒരു സ്വതന്ത്രഭാഷയാണെന്നത്രേ. കൊങ്കണിയിലെ വിഭക്തിവ്യവസ്ഥയ്ക്കു മറാഠിയോടുള്ളതിനേക്കാൾ അടുപ്പം ഹിന്ദിയോടാണ്.

ഇന്ത്യയുടെ പശ്ചിമതീരത്തിലെ ഏതാനും പ്രദേശങ്ങളെയാണ് 'കൊങ്കണം' എന്നു വിളിച്ചിരുന്നത്. ഏഴ് കൊങ്കണങ്ങളെപ്പററി പുരാണങ്ങളിൽ പറയുന്നുണ്ട്. കൊങ്കണത്തിന്റെ കേന്ദ്രപ്രദേശമായിരുന്നിരിക്കാം ഗോവ അഥവാ ഗോമന്തകം. കൊങ്കണപ്രദേശത്തിന്റെ പേരാണ് ഇപ്പോൾ നൽകപ്പെട്ടിരിക്കുന്നതെങ്കിലും, കൊങ്കണിഭാഷയുടെ ഉല്പത്തി, ചരിത്രാതീതകാലത്തു പഞ്ചാബിലൂടെ ഒഴുകി രാജസ്ഥാനിലെ മരുഭൂമിയിൽച്ചെന്നു വററിപ്പോയ സരസ്വതീനദിയുടെ തീരത്ത് എവിടെയോ ആയിരുന്നുവെന്നു വിശ്വസിക്കുന്നവർ കുറവല്ല. ഐതിഹ്യങ്ങളനുസരിച്ച്, സരസ്വതീനദീതീരത്തുനിന്ന് ബീഹാറിലെ (മഗധത്തിലെ) തിർഹുത്(തീരഭുക്തി)പ്രദേശത്തേക്കും അവിടെനിന്നു പടിഞ്ഞാറെ കടൽത്തീരത്തുള്ള ഗോവയിലേക്കും കുടിയേറിപ്പാർത്ത, ബ്രാഹ്മണരും അബ്രാഹ്മണരും അടങ്ങുന്ന, സാരസ്വതരുടെ മാതൃഭാഷയാണ് കൊങ്കണി. ഇപ്പോൾ മഹാരാഷ്ട്ര സംസ്ഥാനത്തിലെ സാവന്ത്വാഡി, ഗോവ, കർണാടകസംസ്ഥാനത്തിലെ കാർവാർ എന്നീ പ്രദേശങ്ങളിൽ ഭൂരിഭാഗം ജനങ്ങളും കൊങ്കണി സംസാരിക്കുന്നു. 1971–ലെ ജനഗണനപ്രകാരം കൊങ്കണി സംസാരിക്കുന്നവരുടെ ആകെ എണ്ണം പതിനഞ്ചേകാൽ ലക്ഷത്തിൽ താഴെ (15, 22, 684) ആയിരുന്നു. ഈ കണക്കു ശരിയ

ട്ടെന്നും, മഹാരാഷ്ട്രത്തിൽ നാലു ലക്ഷവും ഗോവയിൽ ഏഴു ലക്ഷവും കർണാടകത്തിൽ പന്ത്രണ്ടു ലക്ഷവും കേരളത്തിൽ നാലു ലക്ഷവും ജനങ്ങളുടെ മാതൃഭാഷ കൊങ്കണിയാണെന്നും ഏറെക്കുറെ ആധികാരികമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ സാരസ്വതബ്രാഹ്മണരും അബ്രാഹ്മണരായ കുടുംബിച്ചെട്ടികളുമാണ് മുഖ്യമായും, കൊങ്കണി സംസാരിക്കുന്നത്. കർഷകൻ എന്നു് അർത്ഥമുള്ള 'കൺബി' എന്ന കൊങ്കണി വാക്കിന്റെ മലയാള രൂപാന്തരമാണ് 'കുടുംബി'. മലയാളം, തമിഴ് എന്നീ ഭാഷകൾ കഴിഞ്ഞാൽ, കേരളത്തിൽ ഏററവുമധികം ആളുകളുടെ മാതൃഭാഷ കൊങ്കണിയാകുന്നു. തുളു, കന്നഡം എന്നീ ഭാഷകൾക്കുപോലും കേരളത്തിൽ കൊങ്കണിക്കു താഴെയേ സ്ഥാനമുള്ളു.

ഇന്ത്യൻ ഭരണഘടനയുടെ ഭാഷപ്പട്ടികയിൽ കൊങ്കണി ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും കൊങ്കണി ഒരു സ്വതന്ത്രഭാഷയാണെന്നു കേന്ദ്ര സാഹിത്യ അക്കാദമി അംഗീകരിച്ചിട്ടുണ്ട്. ആണ്ടുതോറും കൊങ്കണിയിൽ പ്രസിദ്ധപ്പെടുത്തുന്ന ഏററവും മികച്ച കൃതിക്കു സാഹിത്യ അക്കാദമി ദേശീയപുരസ്കാരം നൽകാറുമുണ്ട്. ഗോവയിലെ പ്രൈമറി സ്കൂളുകളിൽ മാധ്യമമായും സെക്കണ്ടറി സ്കൂളുകളിൽ നിർബന്ധിതഭാഷയായും കൊങ്കണി പഠിപ്പിക്കുന്നുണ്ട്. കൊച്ചിയിലും രണ്ടു് പ്രൈമറി സ്കൂളുകളിൽ കൊങ്കണിമാദ്ധ്യമത്തിലൂടെ അദ്ധ്യയനം നടന്നുവരുന്നുണ്ടെന്നാണ് അറിവ്.

ക്രിസ്തുവർഷം രണ്ടാംശതകം മുതലുള്ള ചില ശിലാശാസനങ്ങളിൽ, കൊങ്കണിഭാഷയിലേതെന്നു കരുതപ്പെടുന്ന ചില പദങ്ങളും വാക്യഖണ്ഡങ്ങളും കാണുന്നുണ്ട്. എങ്കിലും, ആധുനിക ഭാരതീയ ഭാഷകളോടൊപ്പം സാഹിത്യപരമായ വളർച്ച നേടുവാൻ കൊങ്കണിക്ക് അവസരം ലഭിക്കുകയുണ്ടായില്ല. ക്രിസ്തുവർഷം പതിനാറാം ശതകത്തിൽ വിദേശികളായ പോർത്തുഗീസുകാർ കൊങ്കണപ്രദേശത്തിന്റെ കേന്ദ്രമായ ഗോവയിൽ അധികാരം ഉറപ്പിച്ചു. അതിനുമുമ്പ്, വളരെ കാലത്തോളം, കൊങ്കണി മാതൃഭാഷയല്ലാത്ത രാജവംശങ്ങളുടെ ഭരണത്തിൻകീഴിലായിരുന്നു കൊങ്കണപ്രദേശം. അതിനാൽ ഈ പ്രദേശത്തു് രാഷ്ട്രീയമോ, മതപരമോ ആയ പ്രാധാന്യം ഭരണകർത്താക്കൾ സംസാരിച്ചിരുന്ന കന്നഡത്തിനോ, മറാഠിക്കോ ആയിരുന്നു. ഭരണാധികാരികളുടെ ഭാഷകളിൽ കൃതികൾ എഴുതാനാണ്, സ്വാഭാവികമായും, കൊങ്കണപ്രദേശത്തിലെ പണ്ഡിതന്മാർ ഇഷ്ടപ്പെട്ടതു്. അതിനാൽ കൊങ്കണി ശതാബ്ദങ്ങളോളം ഒരു സംസാരഭാഷ മാത്രമായി വർത്തിച്ചു. നാടോടിസാഹിത്യമല്ലാതെ, ഒരു ക്ലാസ്സിക്കൽസാഹിത്യം കൊങ്കണിഭാഷയിൽ ഉണ്ടായില്ല.

തങ്ങളുടെ വാഴ്ചയുടെ ആരംഭവർഷങ്ങളിൽ പോർത്തുഗീസുകാർ കൊങ്കണി ഭാഷാപഠനം പ്രോത്സാഹിപ്പിച്ചു. ഔത്തരാഹഭാഷകളിൽ കൊങ്കണിയിലാണ് ആധുനികരീതിയിലുള്ള വ്യാകരണം ആദ്യമായി രചിക്കപ്പെട്ടതു്. ഭാരതീയഭാഷകളിൽ ആദ്യമായി അച്ചടിക്കപ്പെട്ട പുസ്തകം കൊങ്കണിയിൽ എഴുതപ്പെട്ടതായിരുന്നുവത്രേ. പതിനാറാം ശതകത്തിൽത്തന്നെ മികച്ച ചില നിഘണ്ടുക്കൾ കൊങ്കണിഭാഷയിൽ ഉണ്ടായി. പോർത്തുഗീസ്—ക്രൈസ്തവ പുരോഹിതരുടെ സംഭാവനകളായിരുന്നു ഇതെല്ലാം.

എന്നാൽ, പോർത്തുഗീസ് ഭരണാധികാരികൾക്ക് കൊങ്കണി ഭാഷയോടുണ്ടായിരുന്ന മനോഭാവത്തിൽ മൗലികമായ പരിവർത്തനം സംഭവിക്കാൻ ഏറെ വർഷങ്ങൾ വേണ്ടിവന്നില്ല. ഹിന്ദുമതത്തേയും ഒപ്പം കൊങ്കണിഭാഷയേയും ഗോവയിൽനിന്നു തുടച്ചുനീക്കാൻ അവർ ഒരുക്കം കൂട്ടി. മൂന്നു വർഷത്തിനുള്ളിൽ ഗോവയിൽ ഒരാളും കൊങ്കണി സംസാരിക്കാതാക്കണം എന്നു ക്രിസ്തുവർഷം 1684—ൽ ഗോവയിലെ കാൻഡി ദ

ആൽവോർ എന്ന പോർത്തുഗീസ് വൈസ്റോയി ഉത്തരവു പുറപ്പെടുവിച്ചു. മൂന്നു വർഷം കഴിഞ്ഞതിനുശേഷം, കൊങ്കണി സംസാരിക്കുന്നവരായി കാണപ്പെട്ടവരുടെ സ്വത്തു് സർക്കാരിലേക്കു പിടിച്ചെടുക്കാൻ അയാൾ നടപടികളെടുക്കുകയുംചെയ്തു. 1731—ൽ ഗോവയിൽ 'ഇൻക്വിസിഷൻ' എന്ന ക്രിസ്തുമതക്കോടതി സ്ഥാപിക്കപ്പെട്ടു. അതിനുശേഷം, കൊങ്കണി സംസാരിക്കുന്നവരെ ജീവനോടെ തീയിലിടുക എന്ന നയം നടപ്പിൽവന്നു. അക്കാലത്തു് കൊങ്കണിഭാഷയ്ക്കെതിരെ ചെയ്യപ്പെട്ട അക്രമങ്ങൾക്കു് അറുതിയില്ല. 'ഏതെങ്കിലും ഭാഷയ്ക്കെതിരെ ഇത്രയേറെ അക്രമം ചരിത്രത്തിൽ ഒരുപക്ഷേ, വേറെ എങ്ങും രേഖപ്പെടുത്തിക്കാണില്ല' എന്നു പ്രശസ്ത കൊങ്കണിസാഹിത്യകാരനായ ശ്രീ രവീന്ദ്ര കേലേകർ എഴുതിയിട്ടുണ്ടു്.

പോർത്തുഗീസുകാരെ ഭയപ്പെട്ടു് കൊങ്കണികളുടെ വലിയ സംഘങ്ങൾ ഗോവയിൽനിന്നു പലേടത്തേക്കും ഓടിപ്പോയി. കൊങ്കണിഭാഷയിൽ അഞ്ചു വ്യത്യസ്ത സാംസ്കാരികപാരമ്പര്യങ്ങൾ ഉരുത്തിരിയുകയായിരുന്നു ഈ പലായനത്തിന്റെ ഫലം. ഗോവയിൽത്തന്നെ പാർത്ത കൊങ്കണികളിൽ അധികംപേരും ക്രിസ്തുമതവും പോർത്തുഗീസ് പാരമ്പര്യങ്ങളും സ്വീകരിച്ചു. ഇവർ പിന്നീടു് റോമൻ ലിപിയിൽ കൊങ്കണി ഭാഷ എഴുതിത്തുടങ്ങി. വടക്കു് മഹാരാഷ്ട്ര പ്രദേശങ്ങളിലേക്കു മാറിപ്പാർത്തവർ മറാഠി പാരമ്പര്യങ്ങൾ അംഗീകരിച്ചു. മറാഠിഭാഷയുടെ ഒരു പ്രാദേശികരൂപം മാത്രമാണു് കൊങ്കണിഭാഷ എന്ന വിശ്വാസം രൂഢമൂലമാകമാറു് അത്ര അഗാധമാണു് കൊങ്കണിഭാഷയിൽ മറാഠി ചെലുത്തിയ സ്വാധീനം. മഹാരാഷ്ട്രപ്രദേശത്തുള്ള കൊങ്കണികൾ മറാഠിപോലെ തങ്ങളുടെ മാതൃഭാഷയും ദേവനാഗരിലിപിയിൽ എഴുതിവന്നു. തെക്കോട്ടു നീങ്ങി, കർണാടകപ്രദേശത്തിൽ പാർപ്പുറപ്പിച്ചവർ കൊങ്കണി എഴുതുവാൻ കന്നഡ ലിപി ഉപയോഗിച്ചുതുടങ്ങി. കുറേക്കൂടി തെക്കോട്ടു മാറി, കേരളത്തിൽ കുടിയേറിയവർ മലയാളലിപി ഉപയോഗിച്ചു കൊങ്കണി എഴുതി. തങ്ങൾ കുടിയേറിപ്പാർത്ത സ്ഥലങ്ങളിലെ ഭാഷകൾ ഇവരുടെ കൊങ്കണി ഉച്ചാരണത്തേയും ബാധിച്ചു. ഇപ്പോൾ കൊച്ചിയിലെ കൊങ്കണിയും സാവന്ത്വാഡിയിലെ കൊങ്കണിയും തമ്മിൽ ഉച്ചാരണത്തിലും വ്യാകരണകാര്യങ്ങളിലും വളരെയധികം വ്യത്യാസങ്ങൾ ഉണ്ടു്. എങ്കിലും, ഒരു പ്രദേശത്തെ കൊങ്കണിഭാഷ കേട്ടാൽ മറ്റു പ്രദേശങ്ങളിലെ കൊങ്കണികൾക്കു മനസ്സിലാവാത്ത നില വന്നിട്ടില്ല.

ചരിത്രത്തിന്റെ പ്രവാഹത്തിൽ, പലേടത്തുമായി ചിതറി പാർക്കേണ്ടിവന്നപ്പോഴും കൊങ്കണികൾ അവരുടെ മാതൃഭാഷയെ കൈവെടിഞ്ഞില്ല എന്നതു് ആശ്ചര്യകരമായി തോന്നാം. മാതൃഭാഷയ്ക്കു മനുഷ്യന്റെ മേലുള്ള അഗാധമായ സ്വാധീനത്തെയാണു് ഈ വസ്തുത വെളിപ്പെടുത്തുന്നതു്. മാതൃഭാഷയായി കൊങ്കണി സംസാരിക്കുന്നവർക്കിടയിൽ അതിപ്രശസ്തരായ പല പണ്ഡിതന്മാരും ഉണ്ടായിട്ടുണ്ടു്. ഡോ. ഭണ്ഡാർകർ, ഡോ. സുഖ്തൺകർ, ധർമാനന്ദ് കോസാംബി മുതലായവർ കൊങ്കണികളാണു്. മറാഠിയിലെ പ്രസിദ്ധ കവി ബോർകർ, കന്നഡത്തിലെ രാഷ്ട്രകവി മഞ്ജേശ്വരം ഗോവിന്ദപൈ, മലയാളത്തിലെ വൈയാകരണനായ ശേഷഗിരിപ്രഭു, പ്രശസ്ത സാഹിത്യകാരന്മാരായിരുന്ന ഹരിശർമയും ആർ. സി. ശർമയും, ഇംഗ്ലീഷ് പത്രപ്രവർത്തകനായ ഫ്രാങ്ക് മൊറെയ്സ് അങ്ങനെ മറ്റു ഭാഷകൾക്കും സാഹിത്യങ്ങൾക്കും വിപുലമായ സംഭാവനകൾ നൽകിയ കൊങ്കണികളുടെ പട്ടിക നീണ്ടുപോവുന്നു. ക്രിസ്തുവർഷം 1700 മുതൽ 1950 വരെയുള്ള ഇരുനൂറ്റമ്പതു വർഷങ്ങളിൽ ഗോവയിലെ രണ്ടായിരം സാഹിത്യകാരന്മാർ ഒമ്പതു പാശ്ചാത്യഭാഷ

കരം അടക്കം പതിന്നാലു ഭാഷകളിൽ പതിനായിരത്തോളം പുസ്തകങ്ങരം എഴുതിയിട്ടുണ്ടത്രേ.

എന്നിട്ടും, കൊങ്കണിഭാഷയിലും സാഹിത്യത്തിലും ഒരു നവോത്ഥാനമുണ്ടായതു താരതമ്യേന അടുത്തകാലത്തുമാത്രമാണ്. 1939—ൽ കർണാടകത്തിലെ കാർവാറിൽ ചേർന്ന അഖിലേന്ത്യാ കൊങ്കണി പരിഷത്തിന്റെ പ്രഥമസമ്മേളനം കൊങ്കണിഭാഷയുടെ ആധുനിക ചരിത്രത്തിൽ ഒരു നാഴികക്കല്ലായി പരിഗണിക്കപ്പെടുന്നു. 1944—ൽ ഒരു കൊങ്കണി സാഹിത്യസമിതി ബോംബെയിൽ സ്ഥാപിക്കപ്പെട്ടു. 1974—ൽ മംഗലാപുരത്ത് ഒരു കൊങ്കണി ഭാഷാമണ്ഡലം നിലവിൽവന്നു. 1966—ൽ കൊച്ചിയിൽ സ്ഥാപിക്കപ്പെട്ട കൊങ്കണി ഭാഷാപ്രചാരസഭയും കൊങ്കണിയുടെ നവോത്ഥാനത്തിനു ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കേരളീയരായ ശ്രീ പുരുഷോത്തമ മല്ല്യയു, ശ്രീ ആർ. കെ. റാവു എന്നിവർ കൊങ്കണിഭാഷയ്ക്കും സാഹിത്യത്തിനും ചെയ്തുവരുന്ന സേവനങ്ങരം പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. 1945 മുതൽ കൊങ്കണി ഭാഷയിലൂടെ വാർത്തകളും മററു പരിപാടികളും ആകാശവാണി പ്രക്ഷേപണം ചെയ്തുവരുന്നുണ്ട്.

ഇന്ത്യയുടെ രാഷ്ട്രീയസ്വാതന്ത്ര്യം അർത്ഥവത്താകുന്നതു വിശാലമായ ഈ ഭൂഖണ്ഡത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ സാംസ്കാരിക വികസനത്തിലൂടെയാണ്. അടിച്ചമർത്തപ്പെടുമ്പോരം ഭാഷ വിഘടനത്തിലേക്കു നയിക്കുന്ന ഏററവും വലിയ ശക്തിയായി മാറുന്നു. മറിച്ച്, അർഹമായ പ്രോത്സാഹനം പര്യാപ്തമായ തോതിൽ ലഭിക്കുന്ന മാതൃഭാഷ സാധാരണജനങ്ങളുടെ നിത്യജീവിതത്തെ സംസ്കാരഭാസുരമാക്കിത്തീർക്കുന്നു. ഗോവയിലെ ഭരണഭാഷയെന്ന നിലയിൽ കൊങ്കണിഭാഷ ത്വരിതവികസനം നേടുമെന്നു നമുക്ക് ആശിക്കാം. കേരളത്തിൽ ഗണനീയമായ ഒരു ജനവിഭാഗത്തിന്റെ മാതൃഭാഷയാണ് കൊങ്കണി. ആ നിലയിൽ കൊങ്കണിയുടെ വികസനത്തിൽ എല്ലാ കേരളീയർക്കും ഉദ്ബുദ്ധമായ താല്പര്യം ഉണ്ടായിരിക്കേണ്ടതാണ്.

(8 ജൂലൈ, 1986)

## 44. സാമുദായികലഹളകൾ

മതം, ജാതി, ഭാഷ, പ്രദേശം എന്നിവയെ അടിസ്ഥാനമാക്കി ജനങ്ങരം ചേരിതിരിഞ്ഞ്, കൂട്ടംചേർന്ന് പരസ്പരം ആക്രമിക്കുന്ന പ്രതിഭാസത്തെയാണു സാമുദായികലഹള (കമ്യൂണൽ റയട്ട്) എന്നു വിളിക്കുന്നതു്.

വിസ്തൃതവും, അതിനാൽത്തന്നെ വ്യത്യസ്ത പ്രദേശങ്ങരം (റീജിയൺ) അടങ്ങിയതുമായ ഇന്ത്യയിൽ പല മതങ്ങളിൽ വിശ്വസിക്കുന്നവരും പല ജാതികളിൽ പിറന്നവരും പല ഭാഷകരം സംസാരിക്കുന്നവരുമായ എത്രയോ ജനവിഭാഗങ്ങരം പുലരുന്നു. സംസ്കാരത്തിന്റെ പല തലങ്ങളിൽ നിലകൊള്ളുന്ന ഈ ജനവിഭാഗങ്ങരം തമ്മിൽ പലപ്പോഴും നിസ്സാരങ്ങളും മിക്കപ്പോഴും വൈകാരികങ്ങളുമായ കാരണങ്ങളെച്ചൊല്ലി ലഹളകരം നടക്കുന്നു. വൻതോതിൽ സാമ്പത്തികനഷ്ടം ഉണ്ടാവുന്നതിനുപുറമെ, ജനങ്ങളുടെ സാംസ്കാരികവും സാമൂഹ്യവും ധനപരവുമായ ഉന്നതിക്കു ചെലവഴിക്കേണ്ട എത്രയോ അധികം മനുഷ്യശക്തി ഈ ലഹളകളുടെ ഫലമായി രാജ്യത്തിനു നഷ്ടപ്പെടുകയുംചെയ്യുന്നു. വളരെയേറെ പ്രകൃതിവിഭവങ്ങളും, അഭ്യസ്തവിദ്യരായ ധാരാളം ജനങ്ങ